(സി) ഇപ്പോൾ പരിഗണനയിലില്ല.

(ഡി) ഇല്ല.

(ഇ) പരിശോധനയിലാണ്.

(എഫ്) സ്ഥിതിഗതികൾ അവലോകനം ചെയ്തു വരുന്നു.

3 (505) വ്യവസായനയം

ശ്രീ. കെ.സി. ജോസഫ് :
ശ്രീ. കെ. മുഹമ്മദാലി :
ശ്രീ. വി.ജെ. പൗലോസ് :
ശ്രീ. എ.കെ.മണി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഗവൺമെന്റ് രൂപം നൽകിയ വ്യവസായ നയത്തിന് മാറ്റം വരുത്തുവാൻ ഉദ്ദേശമുണ്ടോ;

(ബി) എങ്കിൽ വിശദാംശം നൽകുമോ;

(സി) വ്യവസായ നയത്തിൽ വരുത്തേണ്ട മാറ്റങ്ങളെപ്പറ്റി തൊഴിലാളി സംഘടനകളുമായി ചർച്ച നടത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ?

ഉത്തരം

(എ) ഇല്ല.

(ബി)&(സി) ഉദിക്കുന്നില്ല.

4 (506) വ്യവസായ വളർച്ചാ കേന്ദ്രങ്ങൾ

ശ്രീ. ആന്റണി രാജു :
ശ്രീ. പി.സി. ജോർജ്ജ് :
ഡോ. കെ.സി. ജോസഫ് :
ശ്രീ. മോൻസ് ജോസഫ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യവസായ വളർച്ചാ കേന്ദ്രങ്ങൾ ആരംഭിക്കുവാൻ സർക്കാർ ഉദ്ദേശിക്കുണ്ടോ;

(ബി) എവിടെയെല്ലാമാണ് പ്രസ്തുത കേന്ദ്രങ്ങൾ ആരംഭിക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

(സി) ഇതിനുളള പ്രവർത്തനങ്ങൾ ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കുമോ;

(ഡി) ഇതുമൂലം തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കണ്ണൂർ, കോഴിക്കോട്, മലപ്പുറം, ആലപ്പുഴ എന്നീ ജില്ലകളിൽ.

LIBRARY ARCHIVES Kerala Legislative Assembly

(സി) കണ്ണൂരും, കോഴിക്കോട്, മലപ്പുറത്തും സ്ഥലം എടുത്തു കഴിഞ്ഞു. ആലപ്പുഴയിൽ സ്ഥലമെടുക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. കോഴിക്കോട്, കണ്ണൂർ കേന്ദ്രങ്ങൾക്ക് വേണ്ടി കെട്ടിടം, റോഡ്, വൈദ്യുതി-ജലവിതരണം മുതലായവയ്ക്കുള്ള പണികൾ ദ്രുതഗതിയിൽ നട ന്നുവരുന്നു. മലപ്പുറത്ത് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(ഡി) നാലു വ്യവസായ വളർച്ചാ കേന്ദ്രങ്ങളും പൂർത്തീകരിക്കപ്പെടു മ്പോൾ കുറഞ്ഞത് ഒരു ലക്ഷം പേർക്ക് പ്രത്യക്ഷമായും രണ്ടു ലക്ഷം പേർക്ക് പരോക്ഷമായും തൊഴിൽ നൽകാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

5 (507) വ്യവസായ പാർക്കുകൾ

ശ്രീ. സി.പി. ബാലൻ വൈദ്യർ :
ശ്രീ. ടി.കെ. നൗഷാദ് :
ശ്രീ. സി.കെ. രാജേന്ദ്രൻ :
ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവ സായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എല്ലാ നിയോജകമണ്ഡലങ്ങളിലും വ്യവസായ പാർക്കുകൾ ആരംഭിക്കുന്നതിന് സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീക രിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഇതനുസരിച്ച് ഇതുവരെ ഏതെല്ലാം നിയോജകമണ്ഡലങ്ങളിൽ വ്യവസായ പാർക്കിന് ആവശ്യമായ സ്ഥലം ലഭിച്ചിട്ടുണ്ട്;

(സി) സ്ഥലം ലഭ്യമായ നിയോജകമണ്ഡലങ്ങളിൽ ഈ വർഷത്തിൽ തന്നെ വ്യവസായ പാർക്ക് ആരംഭിക്കുന്നതിന് നടപടി സ്വികരിക്കുമോ;

(ഡി) പ്രസ്തുത വ്യവസായ പാർക്കുകളിൽ ഏതു തരത്തിലുള്ള വ്യവ സായങ്ങളാണ് ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നത്;

(ഇ) ഇത്തരം പാർക്കുകളിൽ പാരമ്പര്യ വ്യവസായങ്ങൾ ആരംഭിക്കുന്ന തിന് മുൻഗണന നൽകുമോ?

ഉത്തരം

(എ) ബഹു. ഗവർണ്ണറുടെ നയപ്രഖ്യാപന പ്രസംഗത്തിൽ വ്യക്തമാ ക്കിയിട്ടുള്ള "ഒരു നിയോജകമഡലത്തിൽ ഒരു വ്യവസായ പാർക്ക്" എന്ന പദ്ധതി നടപ്പിലാക്കുന്നതിനുള്ള നോഡൽ ഏജൻസിയായി കേരള സിഡ്കോയെ ആണ് സർക്കാർ തീരുമാനിച്ചിരിക്കുന്നത് അതിൻപ്രകാരം ഈ പദ്ധതിക്കാവശ്യമായ സ്ഥലം അതതു നിയമസഭാ മണ്ഡലങ്ങളിൽ കണ്ടെ ത്തുന്നതിന് സിഡ്കോയ്ക്കു വേണ്ട സഹായസഹകരണങ്ങളും മാർഗ്ഗനിർദ്ദേ ശങ്ങളും നൽകണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ബഹു. വ്യവസായ വകുപ്പു മന്ത്രി എല്ലാ നിയമസഭാംഗങ്ങൾക്കും 29/6/98-ലും 5/4/99-ലും കത്തെഴുതുക യുണ്ടായി. അതുകൂടാതെ സിഡ്കോയിൽ നിന്ന് നിയമസഭാംഗങ്ങളേയും, വിവിധ ജില്ലാ/ബ്ലോക്ക്/ഗ്രാമ പഞ്ചായത്തു പ്രസിഡന്റ്/സെക്രട്ടറിമാരേയും നേരിട്ടും കത്തു മുഖേനയും ബന്ധപ്പെട്ട് ഈ പദ്ധതിയുടെ വിശദാംശങ്ങൾ വിവരിച്ചു നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly